# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 20, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 385)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 2822 മുതൽ 2961 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 2962 മുതൽ 3044 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 3045 മുതൽ 3109 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 3110 മുതൽ 3206 വരെ |

<u>ഉന്നത വിദ്യാഭ്യാസമേഖലയിൽ വ്യവസായ പങ്കാളിത്തം</u>

2822 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വ്യവസായ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി നിലവിലുള്ള സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>"ഓൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യുക്കേഷൻ"</u>

2823 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഓൾ ഇന്ത്യാ "സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷനിൽ" സംസ്ഥാനം പങ്കെടുക്കുന്നുണ്ടോ;

(ബി) ഇതനുസരിച്ച് ഏതെല്ലാം മേഖലകളെ കുറിച്ചുളള സർവ്വേ ആണ് നടത്തുന്നത്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ഈ സർവ്വേ എത്ര മാത്രം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ
സേവന-വേതന വ്യവസ്ഥകൾ

2824 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് സേവന - വേതന വ്യവസ്ഥകൾ ബാധകമാക്കി കൊണ്ടുള്ള എന്തെങ്കിലും ഉത്തരവുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) യൂണിവേഴ്സിറ്റി അംഗീകാരമുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് നിലവിൽ വേതനം നൽകുന്നത് ആരാണ് ; യു.ജി.സി. മാനദണ്ഡമനുസരിച്ചുള്ള വേതനം ഇവർക്ക് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പല സ്വാശ്രയ കോളേജുകളിലും തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(ഡി) സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് പരീക്ഷാ ഇൻവിജിലേഷൻ ഡ്യൂട്ടിക്കും മൂല്യ നിർണ്ണയത്തിനും പ്രതിഫലം നൽകുന്നതല്ല എന്ന കോഴിക്കോട് വി.സി.യുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ എന്‍ജിനീയറിംഗ് കോളേജുകളില്‍</u>
<u>ഒഴിഞ്ഞു കിടക്കുന്ന സീറ്റുകള്‍</u>

2825 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമുള്ള എത്ര സ്വകാര്യ എന്‍ജിനീയറിംഗ് കോളേജുകള്‍ ഉണ്ടെന്നറിയിക്കുമോ ;

(ബി) പ്രസ്തുത കോളേജുകളില്‍ 2011-12 വര്‍ഷം എത്ര സീറ്റുകള്‍ ഒഴിഞ്ഞു കിടന്നിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2012-13 വര്‍ഷം പ്രസ്തുത കോളേജുകളില്‍ എത്ര സീറ്റുകള്‍ ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(ഡി) ഗവണ്‍മെന്റ് ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലുമായി എത്ര വീതം സീറ്റുകള്‍ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) സീറ്റുകള്‍ ഒഴിഞ്ഞു കിടക്കുന്നതിനുള്ള കാരണങ്ങള്‍ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>സ്വാശ്രയ പ്രൊഫഷണൽ കോളേജ് അഡ്മിഷൻ</u>

2826 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ അഡ്മിഷൻ സംബന്ധിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് എടുത്തിട്ടുള്ള നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

(സി) അടുത്ത വർഷത്തേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ്

2827 ശ്രീ. വി.ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ്സ് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി സിലബസ്സ് പരിഷ്ക്കരണ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏത് അദ്ധ്യയനവർഷം മുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ</u>
<u>നികത്തപ്പെടാതെ കിടക്കുന്ന സീറ്റുകൾ</u>

2828 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിമയനം

2829 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ പാഠ്യസമയം നിശ്ചയിച്ച് 12.03.2012-ൽ ഇറക്കിയ ജി.ഒ.(എം.എസ്)നമ്പർ 87/2012/ഉ.വി.വ. ഉത്തരവനുസരിച്ച് എയ്ഡഡ് കോളേജുകളിലെ ഒഴിവുകളിലേക്ക് നിയമനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് ശേഷം ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും 11.09.2012 തീയതിയിൽ പുറപ്പെടുവിച്ച നമ്പർ 30985/ഡി.1/2010 കത്തിലെ പരാമർശം പ്രസ്തുത കത്തിന് മുൻപുള്ള നിയമനങ്ങളെ ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം

2830 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുളള ജി. ഒ(എം.എസ്)നമ്പർ 87/2012/ഉവിവ തീയതി 12.03.2012 -ലെ ഉത്തരവ് പ്രകാരമാണോ സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം നിശ്ചയിക്കുന്നത്;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് നിർത്തിവയ്ക്കാൻ നിർദ്ദേശമുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പുതിയ ഡെപ്യൂട്ടി ഡയറക്ട്രേറ്റുകൾ ആരംഭിക്കാൻ നടപടി</u>

2831 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലായി എത്ര സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും, ട്രെയിനിംഗ് കോളേജുകളും ഉണ്ട് എന്ന് ജില്ല തിരിച്ചു പേരുവിവരം സഹിതം വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ഭരണപരമായ സൗകര്യത്തിനുവേണ്ടി എത്ര റീജണൽ ഓഫീസുകളാണ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ളത് ; അവ ഏതൊക്കെ എന്നും, ഓരോ ഓഫീസും കൈകാര്യം ചെയ്യുന്ന കോളേജുകളുടെ എണ്ണം എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) കോളേജുകളുടെ വർദ്ധനമൂലം റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ ജോലിഭാരം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനു പരിഹാരമായി യു.ജി.സി ഉത്തരവിലുള്ളതുപോലെ ഓരോ ജില്ലയിലും ഡെപ്യൂട്ടി ഡയറക്ട്രേറ്റുകൾ സ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ രണ്ടു ജില്ലയ്ക്ക് ഒന്നു വീതം എന്ന നിലയിൽ ഡെപ്യൂട്ടി ഡയറക്ട്രേറ്റുകൾ ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ;

(ഇ) നിലവിലുള്ള ഓരോ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ട്രേറ്റുകളിലെയും സ്റ്റാഫ് സ്ട്രങ്ത് എത്ര എന്ന് മേഖല തിരിച്ച് വ്യക്തമാക്കാമോ; ഇത് ഏത് വർഷം ആസ്പദമാക്കിയാണ് ;

(എഫ്) മതിയായ ജീവനക്കാരുടെ കുറവുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി, പുതിയ ഡെപ്യൂട്ടി ഡയറക്ട്രേറ്റുകൾ ആരംഭിക്കുന്നില്ലെങ്കിൽ, നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ട്രേറ്റുകളിൽ , ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ജി) സർക്കാർ കോളേജോ ട്രെയിനിംഗ് കോളേജോ ഇല്ലാത്ത ഏക ജില്ലയായ പത്തനംതിട്ട ജില്ലയിൽ ഇവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>മലപ്പുറം ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജ്</u>

2832 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ മലപ്പുറം ജില്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയും വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ ഗവൺമെന്റ് കോളേജ്</u>

2833 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത കോളേജിന്റെ രണ്ടാം ഘട്ട വികസനത്തിനായി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിലെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്ന നടപടി</u>

2834 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും എന്തെങ്കിലും തുടർനടപടികൾ നടക്കുന്നതായി അറിയുമോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പുകളിലെ ഫയൽ നമ്പർ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ബി.എഡ് പ്രവേശനത്തിന് ഏകജാലക സംവിധാനം</u>

2835 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എഡ് പ്രവേശനത്തിന് ഈ വർഷം ഏകജാലകസംവിധാനം ഉണ്ടായിരുന്നോ; അതിൽ സ്വാശ്രയ കോളേജുകളേയും ഉൾപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) സ്വാശ്രയ കോളേജുകളിലെ പ്രവേശനം സർക്കാർ കോളേജുകളിലെ പ്രവേശന സമയത്താണോ നടത്തിയത്; അല്ലെങ്കിൽ മുമ്പേ നടത്താൻ അനുവാദം നല്കിയിരുന്നോ;

(സി) ഇത്തരം ഒരു സാഹചര്യം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ; ഇത് വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിൽ പ്രവേശനം നേടാൻ അവസരം നഷ്ടമാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ബി.എഡ് കോഴ്സുകളിലെ സീറ്റൊഴിവ്</u>

2836 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബി.എഡ് കേഴ്സിലേക്കുള്ള അഡ്മിഷൻ പൂർത്തിയായോ; ഏകജാലകസംവിധാനത്തിലൂടെയാണോ നടത്തിയത്;

(ബി) നടപടികൾ പൂർത്തിയായ ശേഷം സർക്കാർ കോളേജുകളിൽ സീറ്റൊഴിവ് ഉണ്ടായിരുന്നുവോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത്തരം സാഹചര്യം ഉണ്ടാകാനുള്ള കാരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ ബി.എഡ്. കോളേജുകളിലെ അഡ്മിഷൻ എന്നാണ് പൂർത്തിയാക്കിയത്; പ്രസ്തുത സ്ഥാപനങ്ങളിൽ സീറ്റ് ഒഴിവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് എത്ര ബി.എഡ്. സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>എൽ.എസ്സ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് തുക</u>

2837 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നല്കുന്ന എൽ.എസ്.എസ്.,യു.എസ്.എസ്. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ യഥാക്രമം 750, 1000 രൂപയായി സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ തുച്ഛമായ തുക സ്കോളർഷിപ്പായി നൽകുന്നത് പഠനത്തിൽ വിമുഖത കാണിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുമെന്നത് പരിഗണിച്ച് തുക കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കോളർ സപ്പോർട്ട് പദ്ധതി</u>

2838 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കോളർ സപ്പോർട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ; വിശദമാക്കുമോ ;

(ഡി) വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി പദ്ധതിയിൽ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾക്കുള്ള ഫീസാനുകൂല്യം</u>

2839 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഏർപ്പെടുത്തിയ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ച ഒ.ബി.സി./ എസ്.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച ഫീസ് ആനുകൂല്യം കോളേജ് അധികൃതർ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പട്ടികജാതി വികസന വകുപ്പു മുഖേന അനുവദിച്ച ഫീസ് ആനുകൂല്യം തിരിച്ച് നിഷേധിക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും നിഷേധിച്ച ഫീസ് ആനുകൂല്യം തിരിച്ചു നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിൽ ഉപരിപഠനത്തിനായി സർക്കാർ കോളേജ് അനുവദിക്കണമെന്ന ആവശ്യം

2840 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പതിനാല് ഹയർ സെക്കന്ററി സ്കൂളുകൾ ഉള്ള ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിൽ ഉപരിപഠനത്തിനായി യാതൊരു സ്ഥാപനങ്ങളുമില്ലാത്ത സാഹചര്യത്തിൽ ഒരു സർക്കാർ കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഉന്നത വിദ്യാഭ്യാസ രംഗത്തെ അന്തർ സംസ്ഥാന പരസ്പര സഹകരണ പദ്ധതികൾ

2841 ശ്രീ. വി.പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് അന്തർ സംസ്ഥാന പരസ്പര സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാൻ ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതുകൊണ്ടുളള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച പദ്ധതിയുടെ രേഖ സംസ്ഥാനം മുമ്പോട്ട് വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) മുമ്പോട്ട് വച്ച പദ്ധതിരേഖകളെക്കുറിച്ച് മറ്റു സംസ്ഥാനങ്ങളിലെ കൗൺസിലുകളുടെ പ്രതികരണമെന്താണ്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

**കോളേജുകളിൽ തൊഴിൽ പഠിപ്പിക്കാൻ**
**യു. ജി. സി. പദ്ധതി**

2842 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എം. എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ തൊഴിൽ പഠിപ്പിക്കുവാൻ യു. ജി. സി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) കോഴ്സുകൾ തുടങ്ങേണ്ട തൊഴിൽ മേഖലകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കോട്ടായി ഐ. എച്ച്. ആർ.ഡി കോളേജിന് കെട്ടിടം</u>

2843 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടായി ഐ. എച്ച്. ആർ.ഡി കോളേജിന് കെട്ടിടം നിർമ്മിക്കാത്തതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ; എത്ര രൂപയുടെ ഭരണാനുമതിയാണ് ഉള്ളത് ; ടെണ്ടർ തുക എത്രയാണ് ; സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ ; കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>യു. ജി. സി. നെറ്റ് പരീക്ഷയുടെ റിസൽട്ടിൽ</u>
<u>വന്ന പാകപ്പിഴവുകൾ</u>

2844 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ മാസത്തിൽ നടന്ന യു. ജി. സി. നെറ്റ് പരീക്ഷയുടെ റിസൽട്ടിൽ വന്ന പാകപ്പിഴകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യു. ജി. സി. ഇറക്കിയ സപ്ലിമെന്ററി ലിസ്റ്റിലും പിഴവുകൾ ഉണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് യു. ജി. സി. യുമായി ബന്ധപ്പെട്ടിരുന്നോ ;

(ഡി) പിഴവുകൾ തീർത്ത റിസൽട്ട് എത്രയും പെട്ടെന്ന് പ്രഖ്യാപിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>യു. ജി. സി. മാനദണ്ഡങ്ങളിലെ ഇളവ്</u>

2845 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ യു.ജി.സി. മാനദണ്ഡങ്ങളിൽ ഇളവ് നൽകാൻ സംസ്ഥാനത്ത് ഏതെങ്കിലും യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ചുള്ള അഭിപ്രായമെന്താണ്; വിശദമാക്കുമോ;

(സി) അക്കാദമിക് കൗൺസിൽ ഇത്തരം ഒരു തീരുമാനം കൈക്കൊളളാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്ന നടപടി</u>

2846 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ, ബ്ലോക്ക് റിസോഴ്സസ് സെന്ററുകളിലെ അക്കാഡമിക് ഉദ്യോഗസ്ഥർ എന്നിവർ വർഷത്തിലൊരിക്കലെങ്കിലും സ്കൂളുകൾ സന്ദർശിച്ച് അദ്ധ്യാപകരുടെ അദ്ധ്യയന നിലവാരവും വിദ്യാർത്ഥികളുടെ പഠന നിലവാരവും വിലയിരുത്താൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

2847 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ളി മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് ;

(സി) വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരെയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഇ) പ്രസ്തുത ഏജൻസി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ ;

(ജി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ചെലവിനായുള്ള തുക എങ്ങിനെയാണ് ലഭ്യമാക്കുക എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

2848 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവുകളുടേയും, സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്കുള്ള തൊഴിൽനൈപുണ്യ പദ്ധതി</u>

2849 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾക്കുള്ള തൊഴിൽനൈപുണ്യ പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലെ മാർഗനിർദ്ദേശങ്ങൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം പദ്ധതി</u>

2850 ശ്രീ. അൻവർ സാദത്ത്
''സണ്ണി ജോസഫ്
''ആർ. സെൽവരാജ്
''വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ക്കൂളുകളിലേക്കാണ് ഈ പ്രോഗ്രാം വ്യാപിപ്പിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രയോജനങ്ങളാണ് പ്രസ്തുത പ്രോഗ്രാം വഴി കുട്ടികൾക്ക് ലഭിക്കുന്നത്;

(ഡി) ഏതെല്ലം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി</u>

2851 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, വി. റ്റി. ബൽറാം
,, വി.ഡി സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പോഷക സമൃദ്ധമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതിനുളള ചുമതല ആർക്കാണ് നൽകിയിട്ടുളളത്;

(സി) പ്രഭാത ഭക്ഷണവും ലഘുഭക്ഷണവും കൂടി വിദ്യാർത്ഥികൾക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(ഡി) ഇവ കൃത്യമായി മോണിറ്ററിംഗ് നടത്താൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വിദ്യാലയാരോഗ്യ പദ്ധതി</u>

2852 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയാരോഗ്യ പദ്ധതിയിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ 13763 സ്കൂളുകളിൽ എത്ര സ്കൂളുകളിലാണ് നിലവിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; നടപ്പാക്കാത്ത സ്കൂളുകളിൽ എത്ര കാലപരിധിയ്ക്കുള്ളിൽ പൂർണ്ണമായും പ്രസ്തുത പദ്ധതി നടപ്പാക്കും എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒരു നിശ്ചിത വരുമാനപരിധി തീരുമാനിച്ച് ആയതിന് താഴെ വരുന്ന കുടുംബങ്ങളിലെ കുട്ടികളിൽ കാഴ്ചരോഗമുള്ളവർക്ക് കണ്ണടയും ചികിത്സയും, ശ്രവണവൈകല്യമുള്ളവർക്ക് ആയതിനുള്ള ഉപകരണവും മരുന്നും, ഡയബറ്റിക് രോഗികൾക്ക് ഇൻസുലിൻ, വൃക്കരോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും, എന്നീ സൗകര്യങ്ങൾ നടപ്പിൽ വരുത്താനായി എല്ലാ സ്കൂളുകളും പരിശോധിച്ച് കുട്ടികളെ കണ്ടെത്തി സൗജന്യമായി ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എത്ര കാല പരിധിയ്ക്കുള്ളിൽ പൂർണ്ണമായും നടപ്പിലാക്കുമെന്നും ഇതിനായി വിദ്യാഭ്യാസ വകുപ്പ് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വർഷത്തിൽ എന്ത് തുക നീക്കി വച്ചിരുന്നു ; ആയതിൽ എന്ത് തുക ചെലവഴിച്ചു ; വിശദമാക്കുമോ ; 2012-13 നടപ്പുവർഷം എന്ത് തുക ഇതിലേയ്ക്കായി മാറ്റിവച്ചു ; 2012 നടപ്പു വർഷം നവംബർ 30 വരെ എന്ത് തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

'മാതൃകാ വിദ്യാലയം' പദ്ധതി

2853 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 'മാതൃകാ വിദ്യാലയം' പദ്ധതി പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ മാർച്ച് വരെ എത്ര വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനവിഹിതമായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുളളത്;

(സി) അടുത്ത വർഷം ഇത്തരത്തിലുള്ള എത്ര സ്കൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതിയിൽ നിഷ്ക്കർഷിക്കുന്ന തരത്തിലുള്ള എത്ര ബ്ലോക്കുകളാണ് സംസ്ഥാനത്തുള്ളത്?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യം</u>

2854 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കുടിവെള്ളം, ടോയ്ലറ്റ് സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ആനുപാതികമായി ശുചിത്വമുള്ള ടോയ്ലറ്റുകൾ ഉറപ്പുവരുത്തുവാൻ എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ആദ്യഘട്ടമായി ആവശ്യമായ ടോയ്ലറ്റുകൾ അടിയന്തിരമായി ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണ പരിപാടി</u>

2855 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 അദ്ധ്യയന വർഷത്തെ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ സർക്കാർ വിഹിതം സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം</u>

2856 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് നിലവിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത തുക ഒരു വിദ്യാർത്ഥിക്ക് നിശ്ചിത തുക എന്ന ക്രമത്തിലാണോ നൽകിക്കൊണ്ടിരിക്കുന്നത്;

(സി) ഏത് ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് നിലവിൽ ഉച്ചഭക്ഷണത്തിന് തുക നൽകി വരുന്നത്;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ഉച്ച ഭക്ഷണത്തിനായി ചെലവാക്കിയ തുക സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം നൽകിവരുന്ന പദ്ധതി</u>

2857 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം നൽകിവരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് യൂണിഫോം വിതരണം നടത്തി വരുന്നത് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം യൂണിഫോം നൽകുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഈ അദ്ധ്യയനവർഷം മുതൽ അർഹരായ മുഴുവൻ കുട്ടികൾക്കും യൂണിഫോം ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ പോഷകാഹാര പരിപാടി</u>

2858 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച സ്കൂൾ പോഷകാഹാര പരിപാടി ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) പ്രസ്തുത പരിപാടി നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്കൂൾ പോഷകാഹാര പരിപാടിയുടെ നടത്തിപ്പു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോജക്ട്</u>

2859 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ ഭാഗമായുള്ള പരിശീലന കേന്ദ്രങ്ങളായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>അക്രെഡിറ്റഡ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം</u>

2860 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അക്രെഡിറ്റഡ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പുരോഗതി വിവരം ലഭ്യമാക്കുമോ ; ഇതിലേയ്ക്കായി എന്തെങ്കിലും ഫണ്ട് വിനിയോഗിക്കുന്നതിന് തയ്യാറാകുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതി</u>

2861 ശ്രീ. വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടാബ്‌ലെറ്റ് കമ്പ്യൂട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം വിദ്യാഭ്യാസ തലത്തിലാണ് നടപ്പിലാക്കുന്നത് ; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. ഫണ്ട്</u>

2862

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുവദിച്ച ആർ.എം.എസ്.എ. സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചെങ്കിലും അതുപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാധ്യാപകരെ നിയമിക്കാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ആർ.എം. എസ്. എ പദ്ധതി</u>

2863 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം. എസ്. എ പദ്ധതിയിലുൾപ്പെടുത്തി എത്ര ഹൈസ്കൂളുകളാണ് പുതുതായി ആരംഭിച്ചിട്ടുള്ളത്;

(ബി) സ്കൂൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനത്തിന് എത്ര തുക വീതമാണ് ഓരോ സ്കൂളിനും നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക ചെലവഴിക്കേണ്ടത് ഏതു ഏജൻസി വഴിയാണെന്ന് അറിയിക്കാമോ;

(ഡി) ഇത്തരത്തിൽ തുക ചെലവഴിക്കുന്നതിന് ഇതുവരെ ഒരു മാർഗ്ഗനിർദ്ദേശവും നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ</u>

2864 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ (ഞങടഅ)പ്രകാരം 2011-12 ലു 2012-13 ലും എത്ര രൂപയാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചത്; ഇതിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾ എത്രയെണ്ണമാണ്; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; ഈ വിദ്യാലയങ്ങളിൽ പ്രസ്തുത സ്കീം പ്രകാരമുള്ള അദ്ധ്യാപകനിയമനം നടത്തിയിട്ടുണ്ടോ; എത്ര അദ്ധ്യാപകരെയാണ് വേണ്ടിയിരുന്നത്; എത്ര പേരെയാണ് ഇതിനകം നിയമിച്ചത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം സ്കൂളുകളിൽ ഒരുക്കേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ ആർ.എം.എസ്.എ. പദ്ധതി

2865

ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ സർക്കാർ ഹൈസ്കൂൾ ഇല്ലാത്ത ഏതൊക്കെ പഞ്ചായത്തുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം കാസറഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളാണ് ഹൈസ്കൂളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) ബേഡഡുക്ക, കുറ്റിക്കോൽ എന്നീ പഞ്ചായത്തുകളുടെ അതിർത്തികളിലായി അടുത്തടുത്ത് രണ്ടു കിലോമീറ്റർ ചുറ്റളവിൽ ആർ.എം.എസ്.എ. പ്രകാരം രണ്ട് ഹൈസ്കൂൾ അനുവദിച്ചത് ഏത് മാനദണ്ഡപ്രകാരമാണെന്നും അങ്ങനെ അനുവദിക്കാനുള്ള കാരണവും അറിയിക്കുമോ;

(ഇ) ഇപ്രകാരം ഹൈസ്കൂൾ അനുവദിച്ചത് ഈ പ്രദേശത്ത് നിലവിലുള്ള ഹൈസ്കൂളിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്ന വസ്തുത പരിശോധിക്കുമോ;

(എഫ്) പ്രസ്തുത ജില്ലയിൽ നിലവിൽ ഹൈസ്കൂൾ ഇല്ലാത്തതും ഹൈസ്കൂൾ അത്യാവശ്യവുമായ പ്രദേശത്ത് പ്രസ്തുത പദ്ധതി പ്രകാരം ഹൈസ്കൂൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

എസ്.എസ്.എ, ആർ.എം.എസ്.എ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

2866 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഗവ: എയ്ഡഡ് സ്കൂളുകളിൽ 2010-2011, 2011-2012 വർഷങ്ങളിൽ എസ്.എസ്.എ, ആർ.എം.എസ്.എ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിയതും നടന്നുകൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികൾ ഏതെല്ലാം എന്നും ഓരോ പദ്ധതിയിലും അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നും ഓരോ വിദ്യാലയം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ ;

(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഗവ: എയ്ഡഡ് സ്കൂളുകളിൽ നടന്നുകൊണ്ടിരിക്കുന്നതും നടത്താനായി നടപടികൾ പൂർത്തിയായതുമായ റ്റി.ആർ.പി പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയ്ക്കും എത്ര രൂപ ഭരണാനുമതി നൽകി എന്നും എത്ര തുക ചെലവഴിച്ചു എന്നും ഓരോ പ്രവൃത്തിയുടെയും പുരോഗതി എന്തെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളിലെ സീറ്റ് വർദ്ധന

2867 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വർഷം സീറ്റുകൾ വർദ്ധിപ്പിച്ച് നൽകുകയുണ്ടായി എന്ന് അറിയിക്കുമോ;

(ബി) സീറ്റ് വർദ്ധിപ്പിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിരുന്നോ; സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ തുല്യമായ വിധത്തിലാണോ സീറ്റ് വർദ്ധന അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) അലോട്ട്മെന്റ് അവസാനിക്കാറായപ്പോൾ എത്ര സർക്കാർ എയിഡഡ് സ്കൂളുകളിൽ എത്ര സീറ്റുകൾ വീതം വർദ്ധിപ്പിച്ച് നല്കുന്നതിന് അപേക്ഷിച്ചു എന്നതിന്റെയും അത് പ്രകാരം എത്ര സീറ്റുകൾ വർദ്ധിപ്പിച്ച് നൽകി എന്നതിന്റെയും വിശദവിവരം നല്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പരീക്ഷാഫലം തടഞ്ഞുവച്ച നടപടി</u>

2868 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരുടെ ;

(ബി) പെരുമ്പാവൂർ മണ്ഡലത്തിലെ ഗാർഡിയൻ എയ്ഞ്ചൽ എച്ച്.എസ്.എസ് മണ്ണൂർ, കീഴില്ലം പി.ഒ, എന്ന സ്കൂളിൽ നിന്നും പ്ലസ് ടു പരീക്ഷ എഴുതിയ അഭിലാഷ്. കെ.ആർ. (രജി. നം.8160840), മുഹമ്മദ് സിദ്ദീഖ് (രജി.നം.8160860), ഷിൻജിത് മാത്യു. (രജി. നം.8160876) എന്നീ വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുക ;

(സി) ഫലം തടഞ്ഞത് മൂലം തുടർ വിദ്യാഭ്യാസത്തിന് അവസരം നഷ്ടപ്പെട്ട ഇവർക്ക് തുടർ പഠനത്തിന് സർക്കാർ സഹായം നൽകുമോ ;

(ഡി) ഈ വിഷയം സ്കൂൾ അധികൃതർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ കായികാധ്യാപരുടെ നിയമനം</u>

2869 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യകത പരിഗണിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളിലെ അനധ്യാപകരുടെ നിയമനം</u>

2870 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അനധ്യാപകരുടെ നിയമനം അംഗീകരിക്കാത്തതെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വിരമിക്കൽ, പ്രൊമോഷൻ, മരണം ഇവ മൂലമുണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ നിയമിതരായ നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനം അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിയമനം അംഗീകരിച്ച പ്രസ്തുത വിഭാഗക്കാർക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ടോ ; എങ്കിൽ പ്രസ്തുത കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക</u>

2871 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 2011-ൽ പുതുതായി അനുവദിച്ച അഡീഷണൽ ബാച്ചുകളിലെ അദ്ധ്യാപക തസ്തികകളുടെ നിലവിലുള്ള സ്ഥിതി എന്താണ് ;

(ബി) പ്രസ്തുത സ്കൂളുകളിൽ തസ്തിക അനുവദിച്ച് ഉത്തരവ് ഇറക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണ് ;

(സി) തസ്തിക അനുവദിച്ച് ഉത്തരവ് ഇറക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ അധ്യാപക തസ്തികകളിലെ ഒഴിവുകൾ</u>

2872 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അദ്ധ്യാപക തസ്തികയിലുളള ഒഴിവുകൾ യഥാസമയം പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒഴിവുള്ള തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് സറണ്ടർ

2873 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി അദ്ധ്യാപകർ വെക്കേഷൻ കാലയളവിൽ ഏകജാലക സംവിധാനമുൾപ്പെടെയുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് വെക്കേഷൻ കാലയളവിൽ ഇതര ജോലികളിൽ ഏർപ്പെടുന്ന മറ്റ് അദ്ധ്യാപകർക്ക് അനുവദിക്കുന്ന സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശനത്തിനുള്ള ഏകജാലക സംവിധാനം</u>

2874 ശ്രീ. എളമരം കരീം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിന് മുൻ സർക്കാർ നടപ്പിലാക്കിയ ഏകജാലക സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഏകജാലക സംവിധാനത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായാണോ ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതെന്ന് വ്യക്തമാക്കാമോ; വർദ്ധിപ്പിച്ച സീറ്റുകൾക്ക് ഇത് ബാധകമാക്കിയിരുന്നോ;

(സി) ഏകജാലക സംവിധാനത്തിൽ നിന്നും വ്യതിചലിച്ച് ഏതെങ്കിലും സ്കൂളിൽ പ്രവേശനം നൽകുകയുണ്ടായോ; എങ്കിൽ ഇതിന് പ്രത്യേക ഉത്തരവ് നൽകിയിരുന്നോ;

(ഡി) ഏകജാലക സംവിധാനത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഏരിയാ ഇന്റൻസീവ് പദ്ധതിയനുസരിച്ച് പുതിയ സ്കൂളുകൾ</u>

2875 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പദ്ധതിയനുസരിച്ച് പുതിയ സ്കൂളുകൾ തുടങ്ങാൻ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാമാണ്;

(ബി) ഇവ കേന്ദ്ര സർക്കാരിലേയ്ക്കയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പ്ലസ് ടു സ്കൂളുകളിലെ തസ്തിക ഉയർത്തൽ</u>

2876 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിൽ പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളുകളിലെ ജൂനിയർ തസ്തികകൾ സീനിയർ തസ്തികകളായി ഉയർത്തിയ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) തസ്തിക ഉയർത്തിയതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി അധ്യാപകരായി സ്ഥാനക്കയറ്റം</u>

2877 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർസെക്കന്ററി അധ്യാപകരായി എത്ര പ്രൈമറി, ഹൈസ്കൂൾ അധ്യാപകർക്ക് സ്ഥാനക്കയറ്റം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ വകുപ്പിലെ എത്ര ജീവനക്കാരെ ഹയർസെക്കന്ററി അധ്യാപകരായി സ്ഥാനക്കയറ്റം നല്കി നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രൈമറി, ഹൈസ്കൂൾ അധ്യാപകരായി ബൈട്രാൻസ്ഫർ വഴി നിയമിതരായ വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ സ്ഥാനക്കയറ്റം നല്കി നിയമിക്കുന്ന മാതൃകയിൽ ഹയർസെക്കന്ററി അധ്യാപകരായി വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;
വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പ്ലസ് വൺ സ്കൂൾ</u>

2878 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പ്ലസ് വൺ വിദ്യാഭ്യാസത്തിന് സ്കൂളുകൾ നിലവിലില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(ബി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പ്ലസ് വൺ സ്കൂളെങ്കിലും ഉണ്ടാകണമെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്ലസ് വൺ പഠനത്തിന് സൗകര്യമൊരുക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ഡി) എങ്കിൽ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ പഠനത്തിന് അനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കായിക വിദ്യാഭ്യാസം</u>

2879 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡം എന്താണ്; എന്നു മുതലാണ് ഈ മാനദണ്ഡം നടപ്പാക്കിവരുന്നത്;

(ബി) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കി വരുമ്പോൾ പാഠ്യപദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാർ അംഗീകരിച്ച കായിക വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ;

(സി) യു. പി. യും ഹൈസ്ക്കൂളും ചേർന്ന സ്ക്കൂളുകളിൽ ഹൈസ്ക്കൂൾ വിഭാഗത്തിലെ കുട്ടികളുടെ എണ്ണം മാത്രം പരിഗണിക്കാതെ യു. പി. യിലെ വിദ്യാർത്ഥികളുടെ എണ്ണം കൂടി പരിഗണിച്ചാൽ സർക്കാരിന് സാമ്പത്തിക ലാഭമുണ്ടാകുകയും എല്ലാ സ്ക്കൂളുകളിലും കായിക അദ്ധ്യാപകർ ഉണ്ടാവുകയും ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സ്കൂളുകളിൽ നടപ്പാക്കിയ ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പദ്ധതി എത്ര വർഷം നടപ്പാക്കിയിരുന്നു; കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതി നടപ്പാക്കിയിരുന്നോ; പ്രസ്തുത പദ്ധതി തുടർന്നും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സമ്പൂർണ്ണ കായിക ക്ഷമതാ പരിശോധന പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായിക ക്ഷമതാ നിലവാരം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) വിദ്യാർത്ഥികളിൽ കായിക ക്ഷമത കുറയുന്നതിന്, കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും, കായിക വിദ്യാഭ്യാസം ലഭിക്കാത്തതും ഒരു കാരണമാകയാൽ, വിദ്യാർത്ഥികളുടെ എണ്ണം നോക്കാതെ യു. പി. സ്ക്കൂൾ

മുതൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ വരെ കായിക അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ജി) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 8-ാം ക്ലാസ്സ് യു. പി. സ്ക്കൂളിനോട് ചേർക്കുമ്പോൾ നിലവിൽ ജോലിനോക്കിവരുന്ന ഹൈസ്ക്കൂളുകളിലെ കായികാദ്ധ്യാപകരുടെ തസ്തിക സംബന്ധിച്ച് എന്തു തീരുമാനമാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(എച്ച്) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയപ്പോൾ കായിക അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഐ) സ്ക്കൂളുകളിൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനും ഇതിനായി ട്രെയിനിംഗ് ലഭിച്ച കായിക അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി കണക്കാക്കാതെ ഓരോ സ്ക്കൂളിലും നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഹൈസ്ക്കൂളുകളിലെ കായികാദ്ധ്യാപകരുടെ ശമ്പളം

2880 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്ക്കൂൾ അസിസ്റ്റന്റായി നിയമനം ലഭിച്ച കായികാദ്ധ്യാപകർക്ക് യു. പി. സ്ക്കൂൾ അദ്ധ്യാപകരുടെ സ്കെയിലിലാണ് ശമ്പളം ലഭിക്കുന്നത് എന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>ജില്ലാ സ്കൂൾ കലോത്സവങ്ങൾക്ക് ധനസഹായം</u>

2881 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സ്കൂൾ കലോത്സവങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ ധനസഹായം നൽകുന്നുണ്ടായിരുന്നോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത് ഇപ്പോൾ തുടർന്ന് നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ തുടർന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സ്കൂള്‍ കായികോത്സവം</u>

2882 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇക്കഴിഞ്ഞ സംസ്ഥാന സ്കൂള്‍ കായികോത്സവം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കുട്ടികള്‍ കൈവരിച്ച വിജയം നിലനിര്‍ത്തുന്നതിനും കൂടുതല്‍ നേട്ടങ്ങള്‍ കൈവരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാന്‍ ഉദ്ദേശ്യമുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(സി) കായിക മേളയില്‍ മികച്ച പ്രകടനം കാഴ്ച വച്ച കുട്ടികള്‍ക്കും സ്കൂളുകള്‍ക്കും എന്തെല്ലാം പ്രത്യേക പാരിതോഷികങ്ങളും പ്രോത്സാഹനങ്ങളും നല്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മികച്ച പ്രകടനം കാഴ്ചവച്ച സ്കൂളുകള്‍ക്ക് സ്റ്റേഡിയവും മറ്റും മികവുറ്റതാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ കായികമേളയിൽ മെഡൽ നേടിയ കുട്ടികളുടെ തുടർ പരിശീലനം</u>

2883 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കായികമേളയിൽ മെഡൽ നേടിയ ഭൂരിഭാഗം കുട്ടികളും ദരിദ്രമായ ചുറ്റുപാടുകളിൽ നിന്നുമാണ് വരുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുട്ടികളുടെ തുടർ പരിശീലനം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സ്കൂൾ നീന്തൽ മത്സരത്തിൽ ഒന്നാം സ്ഥാനക്കാര നായ കുട്ടി ദേശീയ മത്സരത്തിൽ നിന്നും ഒഴിവാക്കപ്പെട്ട സംഭവം</u>

2884 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 വർഷത്തെ സംസ്ഥാന സ്കൂൾ നീന്തൽ മത്സരത്തിൽ ബ്രെസ്റ്റ് സ്ട്രോക്ക് ഇനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തൃശ്ശൂർ വി.ബി.എച്ച്.എസ്.-ലെ മിഥുൻ എ.ജെ.(S/o.അനിൽകുമാർ, ശ്രീശൈലം, വേങ്കവിള, പഴകുറ്റി പി.ഒ.) എന്ന വിദ്യാർത്ഥിയെ പൂനയിൽ വച്ചു നടന്ന ദേശീയ മത്സരത്തിൽ പങ്കെടുപ്പിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിദ്യാർത്ഥിക്ക് ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള സെലക്ഷൻ മെമ്മോ നല്കിയിട്ടുണ്ടോ;

(സി) ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നതിനായി പൂനയിലേയ്ക്കുള്ള ട്രെയിൻ യാത്രാമധ്യേ കോയമ്പത്തൂരിൽ വച്ച് പ്രസ്തുത വിദ്യാർത്ഥിയെ ദേശീയ മത്സരത്തിൽ പങ്കെടുപ്പിക്കാൻ കഴിയില്ലെന്നറിയിക്കുകയും തുടർന്നുള്ള ഭക്ഷണത്തിന്റെയും മടക്കയാത്രയുടേയും ചെലവുകൾ കുട്ടിതന്നെ വഹിക്കുകയും ചെയ്തതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാന മത്സരത്തിൽ ഒന്നാം സ്ഥാനക്കാരനായിരുന്ന മിഥുനെ ഒഴിവാക്കി മൂന്നാം സ്ഥാനക്കാരനെയാണ് ദേശീയ മീറ്റിൽ മത്സരിപ്പിച്ചതെന്ന യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നീതി നിഷേധത്തിനുത്തരവാദിയായ ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

(എഫ്) ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ജി) ഒന്നാം സ്ഥാനക്കാരനായ മിഥുൻ എന്ന കുട്ടിക്ക് ഉണ്ടായ കഷ്ട നഷ്ടങ്ങൾക്കും മാനസിക വ്യഥയ്ക്കും അവസര നഷ്ടത്തിനും എന്ത് പരിഹാരമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

വനിതാ ഫുട്ബാൾ മത്സരഇനമായി
ഉൾപ്പെടുത്താനുള്ള നടപടി

2885 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ക്കൂൾ കായികമേളയിൽ വനിതാ ഫുട്ബോൾ മത്സര ഇനമായി ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള കാരണം എന്താണ്;

(ബി) വരും വർഷങ്ങളിൽ വനിതാ ഫുട്ബോൾ സ്കൂൾ കായികമേളയിൽ മത്സര ഇനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ ശാസ്ത്ര, കലാമേളകളിൽ</u>
<u>മലയാളം നിർബന്ധ ഭാഷ</u>

2886 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മലയാളം നിർബന്ധമാക്കിയ സാഹചര്യത്തിൽ സ്കൂൾ ശാസ്ത്ര കലാമേളകളിലും അത് നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) കോട്ടയം ജില്ലാ ശാസ്ത്രമേളയോടനുബന്ധിച്ച് 15-11-2012-ൽ ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന സയൻസ് ക്വിസിൽ ചോദ്യങ്ങൾ ഇംഗ്ലീഷിൽ മാത്രം ചോദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ശാസ്ത്രമേളകളിൽ പ്രദർശിപ്പിക്കുന്ന പ്രോജക്ടുകൾ</u>

2887 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ/കോളേജ് ശാസ്ത്രമേളകളോടനുബന്ധിച്ച് പ്രദർശിപ്പിക്കപ്പെടുന്ന ആകർഷണീയമായ നൂതന ആശയങ്ങളുള്ള പ്രോജക്ടുകൾ സംസ്ഥാനത്ത് പ്രായോഗികമായി ഉപയോഗിക്കുന്നതിനുവേണ്ടിയുളള വിലയിരുത്തൽ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം വിദ്യാഭ്യാസവകുപ്പിൽ ഉണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലായെങ്കിൽ ശാസ്ത്രസാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട് ഇതിനായി ഒരു സംയുക്ത സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് ആധാർ

2888 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് 'ആധാർ' നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എന്ന് മുതലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്</u>

2889 ശ്രീമതി.കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി അദ്ധ്യാപികമാർ, ആയമാർ എന്നിവർക്ക് ശമ്പളം നൽകുവാൻ ഹൈക്കോടതി നൽകിയ നിർദ്ദേശം പാലിക്കാൻ സർക്കാർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വീപ്പർമാരെക്കാളും അദ്ധ്യാപകർക്ക് കുറഞ്ഞ ശമ്പളം നൽകുന്നത് നിർഭാഗ്യകരമാണെന്നും അതിനാൽ കൂടുതൽ തുക ശമ്പളമായി നൽകണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തു തുകയാണ് അദ്ധ്യാപികമാർക്കും, ആയമാർക്കും നൽകുവാൻ ഹൈക്കോടതി നിർദ്ദേശിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പത്ത് മിനിട്ടിനുള്ളിൽ തീർക്കേണ്ട ഈ വിഷയം കോടതികളിൽ എത്തിച്ച് തീരുമാനം നീട്ടുന്നത് ശരിയല്ല എന്ന് കോടതി വിമർശിച്ചിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ സർക്കാർ കേസ്സുമായി പോയതുവഴി എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുളള യോഗ്യത</u>

2890 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; ഇത് പാലിക്കപ്പെടുന്നുണ്ടോ;

(ബി) അടുത്തകാലത്ത് ഇത് സംബന്ധിച്ചുണ്ടായ കോടതിവിധികളിൽ യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടായിരുന്നോ;

(സി) തക്കതായ യോഗ്യത ഇല്ലാത്തവർ ഇന്ന് പ്രീപ്രൈമറി മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഇവരുടെ ഭാവി സംബന്ധിച്ച അവസ്ഥ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പ്രീപ്രൈമറി സ്കൂളുകളിലെ ജീവനക്കാർക്കുള്ള വേതനം</u>

2891 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിലെ അധ്യാപക രക്ഷകർത്തൃ സമിതികൾ നടത്തുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ ജീവനക്കാർക്ക് മാന്യമായ വേതനം നൽകണമെന്ന ഹൈക്കോടതിയുടെ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ജീവനക്കാർക്ക് നിശ്ചയിച്ച വേതന ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പുറപ്പെടുവിച്ച ദിവസം മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം പ്രസ്തുത മേഖലയിലെ ജീവനക്കാർക്ക് നൽകുവാൻ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്താകെ എത്ര പേർക്കാണ് ഇതിന്റെ ഗുണം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിൽ എൽ.പി.എസ്.എ (തമിഴ്) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ</u>

2892 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എൽ.പി.എസ്.എ (തമിഴ്) തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നടത്തുവാനായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സർക്കാർ പ്രീ-പ്രൈമറി അധ്യാപകർ</u>

2893 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സർക്കാർ പ്രീ പ്രൈമറി അധ്യാപകരുടെ എണ്ണം എത്രയെന്നും അവരുടെ വിദ്യാഭ്യാസ യോഗ്യത എന്തെന്നും വ്യക്തമാക്കുമോ;

(ബി) അവർക്ക് നൽകുന്ന പ്രതിമാസ പ്രതിഫലം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്നും പുതുക്കിയ വിദ്യാഭ്യാസ യോഗ്യത എന്തെന്നും വ്യക്തമാക്കുമോ;

(ഡി) വർഷങ്ങളായി പ്രീ-പ്രൈമറി അധ്യാപക ജോലി ചെയ്തുകൊണ്ടിരിക്കുന്ന, പുതുക്കി നിശ്ചയിച്ച യോഗ്യത ഇല്ലാത്തവർക്ക്, ഇൻ-സർവ്വീസ് ട്രെയിനിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വൈപ്പിൻ മണ്ഡലത്തിൽ സർക്കാർ പ്രതിഫലം പറ്റുന്ന പ്രീ-പ്രൈമറി അധ്യാപകരുടെ എണ്ണവും യോഗ്യതയും സർവ്വീസ് കാലാവധിയും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി ടീച്ചര്‍മാരുടെ ശമ്പള വര്‍ദ്ധനവ്</u>

2894 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രീ പ്രൈമറി ടീച്ചര്‍മാരുടെ ശമ്പളം വര്‍ദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ എന്ന് നടപ്പിലാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തില്‍ എത്ര പ്രീ പ്രൈമറി ടീച്ചര്‍മാരും ആയമാരും ഉണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളുടെ അപ്ഗ്രഡേഷന്‍</u>

2895 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകള്‍ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എത്ര അപേക്ഷകള്‍ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ് ;

(സി) സര്‍ക്കാര്‍ സ്കൂളുകള്‍ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

മങ്കട ചേരിയം ഗവ. യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

2896 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 75 വർഷത്തിലധികം പഴക്കമുള്ളതും എല്ലാവിധ ഭൗതിക സാഹചര്യങ്ങളുമുള്ള മങ്കട ചേരിയം ഗവ. യു. പി. സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്കൂൾ ഹൈസ്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ സമീപ പ്രദേശങ്ങളിൽ ഉപരിപഠന സൗകര്യം നിലവിലില്ലാത്തതിനാൽ ചേരിയം യു. പി. സ്കൂൾ ഹൈസ്ക്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പ്രൈമറി സ്കൂളുകളിലെ ഐ. ടി. അധ്യാപകർ</u>

2897 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഐ. ടി. അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ നിയമന രീതി എപ്രകാരമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അധ്യാപകർക്ക് ആവശ്യമായ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അധ്യാപകർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണെന്നും ഇതിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ യോഗ്യതയുള്ള ഐ. ടി. അധ്യാപകരെ നിയമിക്കുന്നതിനും ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ കമ്പ്യൂട്ടർ പരിശീലന സംവിധാനങ്ങൾ</u>

2898 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ. പി., യു. പി., എച്ച്. എസ് കളിൽ ഐ.ടി/കമ്പ്യൂട്ടർ വിഷയം പഠിപ്പിക്കുന്നതിന് പ്രത്യേക അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ കമ്പ്യൂട്ടർ പരിശീലനം നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) കമ്പ്യൂട്ടർ പരിശീലനം നൽകാൻ സ്കൂളുകളിൽ താല്കാലികമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവരുടെ നിയമനരീതി, യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>ചാലക്കുടി മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2899 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭരണ സേവനസൗകര്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി ഉപജില്ലയ്ക്കു കീഴിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ</u>

2900 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള സ്കൂളുകളുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളെ സർക്കാർ സ്കൂളുകളായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ട്രാൻസ്ഫർ എന്നിവയ്ക്ക് പ്രത്യേകം ലിസ്റ്റും പി.എസ്.സി മുഖേന നിയമിതരാവുന്നവർക്ക് പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുമാണോ; വിശദമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിതരാകുന്ന റ്റീച്ചിംഗ്, നോൺ റ്റീച്ചിംഗ് വിഭാഗം ജീവനക്കാരെ ഒഴിവുള്ള മറ്റ് സർക്കാർ സ്കൂളുകളിലേക്ക് സ്ഥലംമാറ്റുന്നതിന് അനുവാദമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി നാലു ചിറ സ്കൂളിന്റെ അപ്ഗ്രഡേഷൻ</u>

2901 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ ആയി ഉയർത്തിയ തോട്ടപ്പള്ളി നാലുചിറ സ്കൂളിൽ, ഹൈസ്കൂൾ ക്ലാസ്സുകൾ അടുത്ത അദ്ധ്യായന വർഷം ആരംഭിക്കുമോ;

(ബി) ഇവിടെ ഹൈസ്കൂൾ ക്ലാസ്സുകൾ കൂടി ആരംഭിക്കുവാൻ ആവശ്യമായ ക്ലാസ്സ് മുറികൾ ലഭ്യമാണോ ;

(സി) ഇല്ലെങ്കിൽ ഹൈസ്കൂളിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളിനെ അപ്ഗ്രേഡ് ചെയ്യുന്ന നടപടി</u>

2902

ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ഗവൺമെന്റ് എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ ഏതൊക്കെ ക്ലാസ്സുകളാണ് നടത്തുന്നത്;

(സി) പ്രസ്തുത സ്കൂളിലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ അറിയിക്കുമോ;

(ഡി) പ്രസ്തുത സ്കൂളിലെ ജീവനക്കാരുടെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളും എവിടെയാണ് കൈകാര്യം ചെയ്യുന്നത്;

(ഇ) പ്രസ്തുത സ്കൂളിന്റെ അപ്ഗ്രഡേഷൻ എത്രയും വേഗം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

മങ്കട മണ്ഡലത്തിൽ പട്ടിയിൽ പറമ്പിൽ ഒരു എൽ. പി. സ്കൂൾ

2903 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ കോളനിപ്രദേശമായ പട്ടിയിൽ പറമ്പിൽ ഒരു എൽ. പി. സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വരുന്ന ഈ കലയളവിൽ എസ്. സി. കോളനികളിലെയും, സമീപ നിവാസികളുടെയും യാത്രാ ക്ലേശത്തിന് അറുതി വരുത്താൻ പട്ടിയിൽ പറമ്പിൽ ഒരു എൽ.പി. സ്കൂൾ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

സ്പെഷ്യൽ സ്ക്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച്

2904 ശ്രീ; കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്ക്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) കമ്മീഷന്റെ പരിധിയിൽ എന്തെല്ലാം കാര്യങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകാമോ;

(ഡി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് ആക്കാൻ നടപടി</u>

2905 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് 1995 അനുസരിച്ച് രജിസ്റ്റർ ചെയ്ത എത്ര സ്കൂളുകളാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്കൂളുകളിലെ ജീവനക്കാർക്ക് എത്ര രൂപയാണ് മാസ ശമ്പളമായി നൽകുന്നത്;

(സി) ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകൾ എയ്ഡഡ് ആക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കുന്ന നടപടി</u>

2906 ശ്രീ. എം.എ. ബേബി
,, സി. കൃഷ്ണൻ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം സ്കൂളുകളാണ് എയ്ഡഡ് പദവി നൽകുന്നതിന് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് സർക്കാർ വകുപ്പുകൾ തമ്മിൽ ഭിന്നാഭിപ്രായം നിലനിൽക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അഭിപ്രായമെന്താണ്;

(ഇ) എയ്ഡഡ് പദവി നല്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലബാർ റീജിയണൽ സെന്റർ</u>

2907 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലബാർ റീജിയണൽ സെന്റർ മലപ്പുറത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) സെന്റർ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമായോ ; എങ്കിൽ വിശദീകരിക്കാമോ ;

(സി) മലപ്പുറം ഗവൺമെന്റ് കോളേജ് കോമ്പൗണ്ടിൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ പരിശോധന നടത്തിയിട്ടുണ്ടോ ;

(ഡി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി മേഖലാകേന്ദ്രം എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം</u>

2908 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടത്തിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ ;

(സി) നിർമ്മാണം പൂർത്തിയാകാൻ ഇനി എത്ര രൂപയാണ് വേണ്ടത് ;

(ഡി) ബാക്കി ഫണ്ട് അനുവദിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ; സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം മീനിയൽ ജീവനക്കാരുടെ നിയമനം

2909 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിൽ പാർട്ട് ടൈം മീനിയൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) തിരുവനന്തപുരം ജില്ലയിൽ 2012-ൽ എത്ര പേരെ പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുണ്ട്;

(സി) നിയമനങ്ങളിൽ സംവരണ വിഭാഗക്കാർ, വികലാംഗർ, വിധവകൾ എന്നിവർക്ക് എത്ര തസ്തികകൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ സർക്കാർ സ്കൂളുകളിലെ പ്രൈമറി ഹെഡ്മാസ്റ്റർ നിയമനം</u>

2910 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ പ്രൈമറി ഹെഡ്മാസ്റ്റർ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ജില്ലയിൽ സർക്കാർ സ്കൂളുകളിൽ എത്ര ഹെഡ്മാസ്റ്റർമാരുടെ തസ്തികകളാണ് നിലവിലുള്ളത് എന്നും ആയത് എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) നിലവിലെ ലിസ്റ്റിൽ നിന്നും എത്ര പേരെയാണ് ഇതിനകം നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഡി) ഈ അധ്യയന വർഷം എത്ര ഒഴിവുകൾ ഉണ്ടാകുമെന്നു വ്യക്തമാക്കുമോ ?1

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>പൊതുവിദ്യാലയങ്ങളെക്കുറിച്ചുള്ള ഹൈക്കോടതി നിരീക്ഷണം</u>

2911 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളും വിദ്യാർത്ഥികളും രണ്ടാംകിടക്കാരാണെന്ന ബഹു ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാമർശം നീക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതു വിദ്യാഭ്യാസം ദുർബലമാക്കുന്നതും അവിടങ്ങളിൽ വിദ്യാഭ്യാസം നേടുന്ന കുട്ടികളെ അപകീർത്തിപ്പെടുത്തുന്നതും ആയ പ്രസ്തുത വിധിക്ക് എതിരെ അപ്പീൽ പോകാൻ തയ്യാറാകാത്തതെന്തുകൊണ്ടാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>അധ്യാപക പാക്കേജ്</u>

2912 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപക പാക്കേജിന്റെ പ്രയോജനം ഇതിനകം എത്ര അധ്യാപകർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അധ്യാപികമാർക്കുള്ള ഡ്രസ് കോഡ്</u>

2913 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപികമാർക്ക് വിദ്യാഭ്യാസ വകുപ്പ് ഡ്രസ് കോഡ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അധ്യാപികമാർക്ക് പ്രത്യേക ഡ്രസ് കോഡ് നിശ്ചയിക്കാൻ സ്കൂൾ മാനേജർമാർക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ അരിക്കോട് സുല്ല മുസ്സലാം ഓറിയന്റൽ ഹൈസ്കൂളിലെ ഗണിതാധ്യാപിക ശ്രീമതി ജമീലയെ മാനേജർ സസ്പെന്റ് ചെയ്തത് എന്തിനാണെന്ന് വ്യക്തമാക്കുമോ;

(ഡി) മാനേജരുടെ നടപടിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പിൻവലിക്കാൻ നിർദ്ദേശം നൽകിയിരുന്നോ; നൽകിയെങ്കിൽ നിർദ്ദേശം മാനേജർ പാലിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ -കോളേജ് അദ്ധ്യാപകർക്കുള്ള ഡ്രസ്സ് കോഡ്</u>

2914 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' റ്റി. വി. രാജേഷ്
'' പി. റ്റി. എ. റഹീം
'' സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ-കോളേജ് അദ്ധ്യാപകർക്ക് ഡ്രസ്സ് കോഡ് നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) മലപ്പുറം ജില്ലയിലെ അരീക്കോട് ജംഇയ്യത്തുൽ മുജാഹിദ്ദീൻ ട്രസ്റ്റിന്റെ കീഴിലുള്ള സുല്ല മുസ്സല്ലാം ഓറിയന്റൽ ഹൈസ്കൂളിലെ ഒരു അദ്ധ്യാപികയെ പച്ച ഓവർകോട്ട് ധരിക്കാത്തതിന്റെ പേരിൽ സ്കൂളിൽ നിന്നും സസ്പെന്റ് ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നടപടി വിദ്യാഭ്യാസ ചട്ടം അനുസരിച്ചാണോ; സസ്പെന്റ് ചെയ്തതാരാണ് ;

(സി) അദ്ധ്യാപികയെ സസ്പെന്റ് ചെയ്തത് എന്ന് ; എത്ര കാലത്തേക്കാണ് സസ്പെന്റ് ചെയ്തത് ; കാലാവധിക്കു ശേഷം തിരിച്ചെടുക്കുകയുണ്ടായോ ; ഇവരെ തിരിച്ചെടുക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിരുന്നോ;ഈ ഉത്തരവ് റദ്ദാക്കുകയുണ്ടായോ ; കാരണം വിശദമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് അദ്ധ്യാപികയുടെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സ്കൂളിൽ അദ്ധ്യാപികമാർ പച്ചക്കോട്ട് ധരിക്കണമെന്ന തീരുമാനമെടുത്തത് ആരാണ്; ഇങ്ങനെ തീരുമാനമെടുക്കുന്നതിന് അവർക്ക് അധികാരമുണ്ടോ ;

(എഫ്) കെ. ഇ. ആർ. പ്രകാരം എയ്ഡഡ് സ്കൂളിലെ അദ്ധ്യാപികമാർക്ക് പ്രത്യേക വേഷം നിഷ്ക്കർഷിക്കുന്നുണ്ടോ ; എങ്കിൽ അത് എന്താണ് ; അദ്ധ്യാപികയോട് പച്ചക്കോട്ട് ധരിക്കാൻ ആവശ്യപ്പെട്ടത് ചട്ടപ്രകാരമാണോ ; സ്കൂളിലെ എല്ലാ അദ്ധ്യാപികമാർക്കും ഈ തീരുമാനം ബാധകമാക്കിയിരുന്നോ ;

(ജി) ചട്ടവിരുദ്ധമായി പ്രവർത്തിച്ച സ്കൂൾ മാനേജ്മെന്റിനും പ്രിൻസിപ്പലിനുമെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് ജൂനിയർ</u>
<u>അദ്ധ്യാപകരുടെ സീനിയോറിറ്റി</u>

2915 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി ജൂനിയർ സർക്കാർ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് ജൂനിയർ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(സി) എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് ജൂനിയർ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുകാരണം ജൂനിയർ അദ്ധ്യാപകുടെ പ്രൊമോഷൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പുനർവിന്യാസം</u>

2916 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ അദ്ധ്യാപക പുനർവിന്യാസം ഏത് ഘട്ടത്തിലാണ് ;

(ബി) സംസ്ഥാനത്ത് അൺഇക്കണോമിക്കലായി എത്ര സ്കൂളുകളാണ് സർക്കാർ-എയ്ഡഡ് മേഖലയിൽ കണ്ടെത്തിയിട്ടുള്ളത് ;

(സി) അതിൽ ആകെ എത്ര അദ്ധ്യാപകരെ അധികമുള്ളതായി കണ്ടെത്തിയിട്ടുണ്ട് ;

(ഡി) പുനർവിന്യാസം കൊണ്ട് എല്ലാ അദ്ധ്യാപകർക്കും ജോലിസ്ഥിരത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അധ്യാപകർക്ക് ഉന്നത പരിശീലനം നൽകാൻ ദേശീയ സ്ഥാപനം</u>

2917 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപകർക്ക് ഉന്നത പരിശീലനം നൽകുന്നതിനുള്ള ദേശീയ സ്ഥാപനം സംസ്ഥാനത്ത് സ്ഥാപിക്കുവാൻ കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് ആരെയാണ് കേന്ദ്രം ചുമതലപ്പെടുത്തിയത്;

(ഡി) പ്രസ്തുത സെന്റർ സ്ഥാപിക്കാനുള്ള ചെലവ് വഹിക്കുന്നത് ആരാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് സെക്കന്ററി സ്ക്കൂള്‍ പ്രധാനാധ്യാപകരുടെ</u>
<u>ടൂര്‍ ടി.എ കുടിശ്ശിക</u>

2918 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന എയ്ഡഡ് സെക്കന്ററി സ്ക്കൂള്‍ പ്രധാനാധ്യാപകര്‍ക്ക് ടൂര്‍ ടി.എ കുടിശ്ശിക നല്കുന്നതിനായി കഴിഞ്ഞ മൂന്നു വര്‍ഷങ്ങളില്‍ ഓരോവര്‍ഷവും എന്തു തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക അതതു വര്‍ഷത്തെ ടൂര്‍ ടി.എ നല്കുന്നതിന് പര്യാപ്തമായിരുന്നോയെന്നു വ്യക്തമാക്കുമോ ;

(സി) ടൂര്‍ ടി. എ ഇനത്തില്‍ അര്‍ഹതപ്പെട്ട തുക നല്കാതെ കുടിശ്ശിക ആയിട്ടുണ്ടോ ; എങ്കില്‍ കുടിശ്ശിക അടിയന്തരമായി അനുവദിക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം</u>

2919 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ പി.എസ്.സി. മുഖാന്തിരമല്ലാതെ നിയമിച്ചിട്ടുണ്ട്; സ്ഥാപനാടിസ്ഥാനത്തിൽ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; നിയമനങ്ങളുടെ സ്വഭാവം വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ എത്രപേരെ മറ്റ് വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്; സ്ഥാപനാടിസ്ഥാനത്തിൽ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ച എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പാര്‍ട്ട്ടൈം അധ്യാപകരുടെ മുന്‍കാല സര്‍വ്വീസ്</u>

2920 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-ലെ ഗവണ്‍മെന്റ് ഉത്തരവു പ്രകാരം, പാര്‍ട്ട്ടൈം അധ്യാപകരായി നിയമന അംഗീകാരം ലഭിച്ചവര്‍ക്ക് അവരുടെ മുന്‍കാല സര്‍വ്വീസ് പിന്നീട് റെഗുലര്‍ സര്‍വ്വീസായി പരിഗണിക്കുമോ; എങ്കില്‍ അഞ്ച് വര്‍ഷം മുന്‍കാല സര്‍വ്വീസുള്ളവരെ ഫുള്‍ ടൈം അധ്യാപകരായി പരിഗണിക്കുമോ;

(ബി) 01.06.2008-ല്‍ ദിവസവേതനാടിസ്ഥാനത്തില്‍ ഉറുദു അധ്യാപകരായി നിയമിക്കപ്പെടുകയും 14.06.2008ന് അപ്രൂവല്‍ കിട്ടിയതിനുശേഷം ഒരു വര്‍ഷക്കാലം ദിവസ വേതനത്തില്‍ ജോലി ചെയ്യുകയും ചെയ്ത അധ്യാപകര്‍ക്ക് അവര്‍ ദിവസ വേതന അടിസ്ഥാനത്തില്‍ ജോലി ചെയ്ത കാലം സര്‍വ്വീസായി പരിഗണിക്കുമോ; ഇല്ലെങ്കില്‍ എന്തുകൊണ്ട്?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റുന്ന നടപടി

2921 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) ഇതുമൂലം അവർക്ക് ലഭിച്ചുകൊണ്ടിരുന്ന വേതനം നിർത്തലാക്കാൻ സാദ്ധ്യതയുണ്ടോ ;

(സി) ടീച്ചേഴ്സ് ബാങ്കിൽ നിന്ന് പുനർനിയമനം നൽകുന്ന അവസരത്തിൽ അവരുടെ ഇതുവരെയുള്ള സേവന കാലം പരിഗണിച്ചുള്ള വേതനം നിശ്ചയിച്ച് നൽകുമോ ?

## കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്താൻ നടപടി

2922 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിലും പരിശീലനത്തിലും സഹായിക്കാൻ പൊതുവിദ്യാലയങ്ങളിൽ നിയമിതരായ റിസോഴ്സ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യത്യസ്ഥ ശേഷിയുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ച് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രവർത്തിക്കുന്ന ഈ വിഭാഗത്തിലെ പൂർണ്ണ യോഗ്യത നേടിയ അദ്ധ്യാപകരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനും അർഹമായ ആനുകൂല്യങ്ങൾ നല്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) എത്രപേരാണ് ഈ വിഭാഗത്തിൽ ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

51-A ക്ലെയിമെന്റ് ആയ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

2923 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 51-A ക്ലെയിമെന്റ് ആയി നിരവധി വർഷം സേവനമനുഷ്ഠിച്ചതിനുശേഷം ഇപ്പോൾ പുറത്തുനിൽക്കുന്ന അദ്ധ്യാപകരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ 51-A ക്ലെയിമെന്റ് ആയി എത്ര അദ്ധ്യാപകർ പുറത്തു നിൽക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി പാക്കേജ് പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>അംഗീകാരം നൽകിയ സ്കൂളുകൾ</u>

2924 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം അംഗീകാരം നൽകിയ സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ ;

(സി) കെ. ഇ. ആർ. പ്രകാരം നിലവിലുള്ള സർക്കാർ - എയ്ഡഡ് അംഗീകൃത സ്കൂളുകൾ തമ്മിലുള്ള ദൂരപരിധി പരിഗണിച്ചാണോ ഈ സ്കൂളുകൾക്ക് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള സ്കൂളുകളെ ഈ നടപടി ഒരുതരത്തിലും ബാധിക്കുകയില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ അംഗീകാരമില്ലാത്ത</u>
<u>സ്കൂളുകളിലെ പ്രശ്നങ്ങൾ</u>

2925 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുവേണ്ടി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ എൻ.ഒ.സി ലഭിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ</u>

2926 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-നു ശേഷം എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്കാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത് ;

(ബി) എൻ.ഒ.സി ലഭിച്ചിട്ടുള്ള ആലപ്പുഴ ജില്ലയിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കുള്ള സേവന വേതന വ്യവസ്ഥകളെക്കുറിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകൾ</u>

2927 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമുള്ള എത്ര അൺഎയ്ഡഡ് സ്കൂളുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ സേവനവേതനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ ഏന്തൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

**അൺഎയ്ഡഡ് സ്കൂളുകളിൽ ജീവനക്കാർക്ക് മിനിമം വേതനം**

2928 ശ്രീ. പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം ശമ്പളം ഉറപ്പാക്കണമെന്നതു സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ;

(ബി) പ്രസ്തുത വിധിക്കെതിരെ അപ്പീൽ നല്കിയിട്ടുണ്ടോ; എങ്കിൽ അപ്പീൽ കക്ഷികൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അൺഎയ്ഡഡ് മേഖല അമിതഫീസും ഡൊണേഷനും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവരെ അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിച്ച് മിനിമം ശമ്പളം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ അണ്‍എയ്ഡഡ് സ്കൂളുകള്‍</u>

2929 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇപ്പോള്‍ എത്ര അണ്‍എയ്ഡഡ് സ്കൂളുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളുകളുടെ നിലവാരവും, ഭൗതിക സൗകര്യങ്ങളും സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ;

(സി) വന്‍തോതില്‍ അണ്‍എയ്ഡഡ് സ്കൂളുകള്‍ അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ മേഖല തകരുന്നതിന് ഇടയാക്കുമെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നല്കുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ</u>

2930 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നല്കുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ ഹൈക്കോടതി റദ്ദാക്കാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

സി. ബി. എസ്. ഇ/ അൺ എയ്ഡഡ് സ്ക്കൂളുകളിലെ
അദ്ധ്യാപകർക്കുള്ള പരിരക്ഷ

2931 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.ബി. എസ്.ഇ/അൺ എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകരെ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സി. ബി. എസ്. ഇ/അൺ എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് പൂർണ്ണ സർവ്വീസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി.</u>

2932 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എൻ.ഒ.സി. നൽകിയിട്ടുള്ള സ്കൂളുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) വൻതോതിൽ അൺ എയ്ഡഡ് സ്കൂൾ അനുവദിക്കുന്നത് വിദ്യാഭ്യാസമേഖലയെ തകർച്ചയിലേക്ക് നയിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ</u>

2933 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ ക്ലറിക്കൽ അനാസ്ഥകൊണ്ട് സ്കൂൾ സർട്ടിഫിക്കറ്റുകളിൽ നിരവധി തെറ്റുകൾ കടന്നു കൂടുകയും പിന്നീട് രക്ഷിതാക്കളും വിദ്യാർത്ഥികളും ഇതുമൂലം ബുദ്ധിമുട്ടുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം തെറ്റുകൾ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) സ്കൂൾ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ കുറയ്ക്കുന്നതിനും ഉണ്ടായവ സങ്കീർണ്ണതകളും ബുദ്ധിമുട്ടുകളും ഇല്ലാതെ പരിഹരിക്കുന്നതിനും കമ്പ്യൂട്ടർ നെറ്റ്വർക്ക് സമ്പ്രദായം ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഇരിട്ടി വിദ്യാഭ്യാസ ഉപജില്ലാ വിഭജനം</u>

2934 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ ഉപജില്ലയായ ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല ശാസ്ത്രീയവും സൗകര്യപ്രദവുമായി വിഭജിച്ച്, ഇരിക്കൂർ, മട്ടന്നൂർ വിദ്യാഭ്യാസ ഉപജില്ലകളുടെ പ്രദേശങ്ങളെ കൂടി ചേർത്ത് പ്രവർത്തന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പേരാവൂരിൽ പുതിയ വിദ്യാഭ്യാസ ഉപജില്ല ആരംഭിക്കുന്നതിനും, ഇരിട്ടി വിദ്യാഭ്യാസ ഉപജില്ലയുടെ പരിധി പുനഃസംഘടിപ്പിക്കുന്നതിനുമുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; ഈ പ്രശ്നത്തിന്റെ അടിയന്തിര ആവശ്യകത മുൻനിർത്തി ആയത് പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്</u>

2935 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന് ഈ സർക്കാർ അധികാരമേറ്റ ശേഷം ലഭ്യമാക്കിയ സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക എന്താവശ്യത്തിനാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഹയർസെക്കൻഡറി തുല്ല്യതാ ക്ലാസ്സ്</u>

2936 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പത്താംതരം തുല്ല്യതാ പരീക്ഷ വിജയിച്ചവർക്ക് ഹയർസെക്കൻഡറി തുല്ല്യതാ ക്ലാസ്സ് 2013-14 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>ബയോ-മെഡിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ കോഴ്സ് പാസ്സായവരുടെ തൊഴിൽ സാധ്യത</u>

2937 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന ബയോ-മെഡിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ കോഴ്സ് പാസ്സായവർക്ക് സർക്കാർ മേഖലയിൽ എന്തെങ്കിലും തൊഴിൽ സാധ്യത നിലവിലുണ്ടോ;

(ബി) പ്രസ്തുത വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കി, സർക്കാർ സർവ്വീസിൽ തസ്തികകൾ ഏതെങ്കിലും നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് പി.എസ്.സി മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ ഡിഗ്രി കോഴ്സ് - ഫീസിളവ്</u>

2938 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഷണൽ ഡിഗ്രി കോഴ്സ് പ്രവേശനം 2011 പ്രകാരം ഫീസിളവിന് അർഹതയുള്ള കുട്ടികളുടെ ലിസ്റ്റ് (കത്ത് നം. 10257/ജി3/2012/ഉ.വി.വ) വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 1:1 എന്ന അനുപാതം പാലിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ലിസ്റ്റിൽപ്പെട്ട എത്ര പേർക്ക് ഫീസ് ഇളവിനുള്ള ആനുകൂല്യം ലഭിച്ചു ;

(ഡി) അരുൺ കൃഷ്ണ (Roll No. 116848) എന്ന കുട്ടിക്ക് ഫീസിളവ് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>വി.എച്ച്.എസ്.ഇ. ജനറൽ ഫൗണ്ടേഷൻ</u>
<u>കോഴ്സ് അദ്ധ്യാപകരുടെ ശമ്പളം</u>

2939 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ ജനറൽ ഫൗണ്ടേഷൻ കോഴ്സ് അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ ;

(ബി) മുൻസർക്കാർ ശമ്പളം ഉയർത്തുവാൻ തീരുമാനം എടുത്തിരുന്നോ; എങ്കിൽ തീരുമാനം നടപ്പിലാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ കോടതി ഇടപെട്ടിട്ട് തീരുമാനം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് നടപ്പിലാക്കുമോ ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>മോഡൽ II വൊക്കേഷണൽ കോഴ്സുകൾ</u>

2940 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ-കക വൊക്കേഷണൽ കോഴ്സുകൾ ഏതു വർഷം മുതലാണ് കോളേജുകളിൽ ആരംഭിച്ചത്;

(ബി) ഈ കോഴ്സുകൾക്ക് അനുയോജ്യമായ അധ്യാപകരെ പ്രസ്തുത കോളേജുകളിൽ നിയമിച്ചുവോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സുകൾ നിലവിൽ വന്നതിനുശേഷം പുതുതായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുളളത്;

(ഡി) മോഡൽ-കക വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചിട്ടുളള കോളേജുകളിൽ പ്രസ്തുത കോഴ്സുകൾക്ക് അനുപാതികമായി അനദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ഹയർസെക്കന്ററി സ്ക്കൂൾ ടീച്ചർ(കൊമേഴ്സ്) സീനിയർ&ജൂനിയർ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലെ ഒഴിവുകൾ

2941 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പ്മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ടീച്ചർ (കൊമേഴ്സ്), സീനിയർ&ജൂനിയർ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ ഉണ്ടെന്നാണ് ബന്ധപ്പെട്ട വകുപ്പ് പി. എസ്. സിക്ക് റിപ്പോർട്ട് നൽകിയിട്ടുളളത്;

(ബി) പ്രസ്തുത തസ്തികയിലേക്ക് പി. എസ്. സിയെ അറിയിച്ചതിനേക്കാൾ കൂടുതൽ ഒഴിവുകൾ നിലവിലുണ്ടെന്നുളളത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) നിലവിലുളള എല്ലാ ഒഴിവുകളും പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന പ്രഖ്യാപിത നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിൽ പുതുതായി അംഗീകാരം ലഭിച്ച കോഴ്സുകൾ

2942 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിൽ രണ്ട് കോഴ്സുകൾ കൂടി പുതുതായി ആരംഭിക്കുവാൻ എ.ഐ.സി.ടി.ഇ അംഗീകാരം നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ എ.ഐ.സി.ടി.ഇ അംഗീകാരം നൽകി രണ്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിലുള്ള തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വർഷം തന്നെ പ്രസ്തുത രണ്ട് കോഴ്സുകളും ആരംഭിക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി</u>

2943 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ പോളിടെക്നിക്കുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ടോ ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ പോളിടെക്നിക് തുടങ്ങുന്നതിലേക്കായി സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

**കെ.ജി.റ്റി.ഇ കോമേഴ്സ് ടൈപ്പ്റൈറ്റിംഗ് ഹയർ/ ലോവർ പരീക്ഷ നടത്തിപ്പ്**

2944 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടത്തുന്ന കെ.ജി. റ്റി.ഇ കോമേഴ്സ് ടൈപ്പ്റൈറ്റിംഗ് ഹയർ/ലോവർ പരീക്ഷ 2012-ൽ എത്ര തവണ നടത്തിയിട്ടുണ്ട്; പ്രസ്തുത പരീക്ഷ 2011-ന് മുമ്പ് വർഷത്തിൽ എത്ര തവണ നടത്തിയിരുന്നു;

(ബി) വർഷത്തിൽ രണ്ട് തവണ പ്രസ്തുത പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കെ. ജി. ടി.ഇ ടൈപ്പ്റൈറ്റിംഗ് പരീക്ഷ</u>

2945 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർഷത്തിൽ രണ്ടു തവണ നടത്തുന്ന കെ. ജി. റ്റി.ഇ കോമേഴ്സ് ടൈപ്പ്റൈറ്റിംഗ് ഹയർ/ലോവർ പരീക്ഷകൾ 2011-ാ മാണ്ട് മുതൽ ഒരു തവണ മാത്രം നടത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വർഷത്തിൽ രണ്ടു തവണ പ്രസ്തുത പരീക്ഷ നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>പുതിയ സർവ്വകലാശാലകൾ</u>

2946 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സർവ്വകലാശാലകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) അയ്യൻകാളിയുടെ പേരിൽ സർവ്വകലാശാല സ്ഥാപിക്കുവാനുള്ള നിർദ്ദേശംപരിഗണനയിലുണ്ടോ;

(ഡി) മറ്റേതെങ്കിലും മഹാൻമാരുടെ പേരിൽ സർവ്വകലാശാലകളോ ഗവേഷണസ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സാങ്കേതിക യൂണിവേഴ്സിറ്റി</u>

2947 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനായി സാങ്കേതിക യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) അതിന്റെ ഘടന ഏതു വിധത്തിലായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖല പരിഷ്കരിച്ച് ലോക നിലവാരത്തിലേക്കെത്തിക്കുന്നതിനായി സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ഘടനയിൽ മറ്റു യൂണിവേഴ്സിറ്റികളുടേതിൽ നിന്നും വ്യത്യസ്തത വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി മെഡിക്കൽ വെറ്ററിനറി യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല വൈസ്ചാൻസിലർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം</u>

2948 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്ചാൻസിലർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് തൃശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കേസുകളിൽ ആരുടെയെല്ലാം പേരിലാണ് അന്വേഷണമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസുകളിൽ ഏതെല്ലാം മന്ത്രിമാർക്കെതിരെ അന്വേഷണമുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സർവ്വകലാശാലാ ഭൂമി ലഭിക്കുന്നതിനും, കോളേജിന് അനുമതി ലഭിക്കുന്നതിനുമായി അപേക്ഷ സമർപ്പിച്ച ഏതെല്ലാം സ്ഥാപനങ്ങളുടെ പേരിലാണ് അന്വേഷണമുള്ളത് ; പ്രസ്തുത സ്ഥാപനങ്ങളുടെ ഭാരവാഹികൾ ആരെല്ലാമാണ് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയ്ക്ക് അനുവദിച്ച കേന്ദ്ര സര്‍വ്വകലാശാല</u>

2949 ശ്രീ. എന്‍.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയ്ക്ക് അനുവദിച്ച കേന്ദ്രസര്‍വ്വകലാശാല കാസര്‍ഗോഡ് നിന്നും മാറ്റാന്‍ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ;

(ബി) സര്‍വ്വകലാശാലയുടെ അനുബന്ധ സ്ഥാപനങ്ങള്‍ക്ക് വേണ്ടി തിരുവല്ലയില്‍ 10 ഏക്കര്‍ ഭൂമി അനുവദിച്ചതായി വന്ന പത്രവാര്‍ത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ</u>

2950 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താത്തതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കും റൂമിലെ ഫർണീച്ചറുകൾ മാറ്റി പുതിയവ നൽകുന്നതിനും ഹോസ്റ്റലിനോടനുബന്ധ സ്ഥാപനങ്ങളുടെ വികസനത്തിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി തേഞ്ഞിപ്പലം ക്യാമ്പസ് വക സ്ഥലം</u>

2951 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി തേഞ്ഞിപ്പലം ക്യാമ്പസ്സിന് എത്ര ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്തു നൽകിയിരുന്നത്;

(ബി) കാലിക്കറ്റ് സർവ്വകലാശാലക്കുണ്ടായിരുന്ന സ്ഥലം മറ്റ് ഏതെങ്കിലും ആവശ്യങ്ങൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ആർക്കൊക്കെയാണെന്നും എപ്പോഴെല്ലാമാണെന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നും വ്യക്തമാക്കുമോ;

(ഡി) യൂണിവേഴ്സിറ്റിക്ക് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലമാണ് അവശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) യൂണിവേഴ്സിറ്റി തുടങ്ങുമ്പോൾ ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച രേഖകൾ, സ്കെച്ച്, പ്ലാൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് എം.എ. കോഴ്സ്</u>

2952 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് എം.എ. കോഴ്സ് നടത്തിയിരുന്നോ എന്നും എപ്പോഴാണ് പ്രസ്തുത കോഴ്സ് നടത്തിയതെന്നും ഇപ്പോൾ ഈ കോഴ്സ് നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പ്രസ്തുത കോഴ്സ് നിർത്തലാക്കിയെങ്കിൽ ആയതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ നിന്നും യൂണിവേഴ്സിറ്റി അധികൃതർക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിരുന്നോ എന്നും ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>മലപ്പുറം കുറ്റിപ്പുറത്ത് പ്രവര്‍ത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി എക്സ്റ്റന്‍ഷന്‍ സെന്റര്‍</u>

2953 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് പ്രവര്‍ത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി എക്സ്റ്റന്‍ഷന്‍ സെന്റര്‍ നില്‍ക്കുന്ന കെട്ടിട ഉടമയുടെ പേരും വിലാസവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തില്‍ യൂണിവേഴ്സിറ്റിക്കായി ഏറ്റെടുത്തിട്ടുളള പ്ലിന്ത് ഏരിയ എത്രയാണ്; ആയതിന് ചതുരശ്ര അടിക്ക് നിശ്ചയിച്ചിട്ടുളള വാടക എത്രയാണ്;

(സി) യൂണിവേഴ്സിറ്റി ഈ കെട്ടിടത്തിന് നല്‍കുന്ന വാടക എത്രയാണ്; എന്നുമുതലാണ് ഈ വാടക നല്‍കി തുടങ്ങിയതെന്നും ഇന്നുവരെ എത്ര രൂപ വാടകയിനത്തില്‍ കെട്ടിട ഉടമയ്ക്ക് നല്‍കിയെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടം ഏറ്റെടുത്ത സമയത്ത് എന്തൊക്കെ സൗകര്യങ്ങളാണ് കെട്ടിട ഉടമയോട് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിരുന്നത് എന്ന് വിശദമാക്കാമോ;

(ഇ) കെട്ടിടം യൂണിവേഴ്സിറ്റി ഏറ്റെടുത്ത അന്നു മുതല്‍ ഇന്നുവരെ വാടകയിനത്തില്‍ ഒരു രൂപ പോലും നല്‍കാതിരുന്നതിനാല്‍ കെട്ടിട ഉടമ യൂണിവേഴ്സിറ്റിക്ക് രേഖാമൂലം പരാതി നല്‍കിയിരുന്നോ;

(എഫ്) എങ്കില്‍ അതിന്മേല്‍ എന്തെല്ലാം നടപടിയാണ് സര്‍വ്വകലാശാല സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന എം.ബി.എ, എം.സി.എ സെന്ററുകൾ</u>

2954 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സർവ്വകലാശാല നേരിട്ട് നടത്തുന്ന എത്ര എം.ബി.എ, എം. സി. എ സെന്ററുകൾ ഉണ്ട്; അവ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകളിൽ എത്രയെണ്ണം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണ്; ഓരോന്നിന്റെയും വാടക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര സ്ക്വയർ ഫീറ്റ് സ്ഥലമാണ് ഓരോ സെന്ററിനുമായി വാടകയ്ക്കെടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**20.12.2012-ലെ മറുപടിക്ക്**

<u>അക്ഷര ലക്ഷം പദ്ധതി</u>

2955 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, പി.സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷരലക്ഷം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ നിന്ന് എന്തെല്ലാം വ്യത്യസ്തതകളാണ് ഈ പദ്ധതിക്കുള്ളത്;

(ഡി) ആദിവാസി-തീരദേശ മേഖലകളിലും ചേരിപ്രദേശങ്ങളിലും പദ്ധതിക്ക് ഊന്നൽ നൽകുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ഗ്രന്ഥശാലകൾക്ക് നൽകി വരുന്ന ധനസഹായം</u>

2956 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലകൾക്ക് നിലവിൽ നൽകി വരുന്ന ധനസഹായം നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഗ്രന്ഥശാല പ്രസ്ഥാനങ്ങളുടെ വളർച്ചയും നിലനിൽപ്പും നല്ല തലമുറയെ വാർത്തെടുക്കുവാൻ ഉപകരിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിലെ പ്രസ്ഥാനങ്ങളെ നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ ലൈബ്രറികൾ</u>

2957 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ ലൈബ്രറികളിൽ നിന്നും വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ ലൈബ്രറിയിൽ നിന്നും കൂടുതൽ ബുക്കുകൾ എടുത്ത് വായിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന കുട്ടികൾക്ക് പ്രത്യേക ഇന്റേണൽ മാർക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ സാമ്പത്തിക പ്രതിസന്ധി</u>

2958 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീൽ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന് കീഴിലുള്ള ലൈബ്രറികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 2012-13 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി-പദ്ധതിയേതര ഗ്രാന്റിനത്തിൽ ലൈബ്രറി കൗൺസിലിന് നീക്കിവച്ചിരുന്നതിൽ എന്തു തുക കൗൺസിലിന് കൈമാറിയെന്നറിയിക്കാമോ ;

(സി) ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുകയിൽ നിന്നും ലൈബ്രറി കൗൺസിലിന് അർഹതപ്പെട്ട തുകയിൽ കുറവുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) കൗൺസിലിന് കീഴിലുള്ള ലൈബ്രറികൾക്ക് പുതിയ പുസ്തകങ്ങൾ വാങ്ങാനുള്ള ശേഷി കുറഞ്ഞിരിക്കുന്നതും അതുമൂലം പുതിയ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം കുറഞ്ഞതും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ലൈബ്രറി കൗൺസിലിനുള്ള ഫണ്ട്</u>

2959 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ലൈബ്രറി കൗൺസിലിന് എത്ര ഫണ്ടാണ് കൈമാറ്റം ചെയ്തതെന്ന് വിശദമാക്കാമോ;

(ബി) അതാത് സാമ്പത്തിക വർഷത്തെ ഫണ്ടിനത്തിൽ ഇനി നൽകാൻ എത്ര കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ലൈബ്രറി കൗൺസിലിന് ഫണ്ട് നൽകുന്നതിന് കാലതാമസമുണ്ടാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 20.12.2012-ലെ മറുപടിക്ക്

<u>ലൈബ്രറി കൗൺസിലിന് നീക്കിവെച്ചിട്ടുള്ള തുക</u>

2960 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി-പദ്ധതിയേതര ഗ്രാന്റായി ലൈബ്രറി കൗൺസിലിന് നീക്കിവെച്ചിട്ടുള്ള തുകയിൽ എന്തു തുക ഇതുവരെ വിതരണം ചെയ്തു ; ഇനി എന്തു തുകയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത് ;

(ബി) പാലക്കാട് ജില്ലയിൽ എത്ര ലൈബ്രറികളാണ് ഗ്രാന്റിനായി അപേക്ഷിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ; ജില്ലയിൽ ഏതെല്ലാം ലൈബ്രറികൾക്കാണ് ഇനിയും ഗ്രാന്റ് നൽകുവാൻ ഉള്ളത് ; ഇവ എന്നത്തേയ്ക്ക് വിതരണം ചെയ്യും ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന ലൈബ്രറി സെസ്സ് വെട്ടിച്ചുരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും കമ്മിറ്റികൾ നൽകിയ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.12.2012-ലെ മറുപടിക്ക്

<u>ലൈബ്രറി കൗണ്‍സിലിന് ഗ്രാന്റ് ലഭ്യമാക്കാന്‍ നടപടി</u>

2961 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗണ്‍സിലിനായി 2012-13-ലെ ബഡ്ജറ്റില്‍ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) എത്ര രൂപ നാളിതുവരെ നല്‍കിയിട്ടുണ്ട്;

(സി) ലൈബ്രറി കൗണ്‍സിലിന് ഗ്രാന്റ് ലഭ്യമാക്കാത്തതുമൂലം സംസ്ഥാനത്തെ ഗ്രന്ഥശാലകള്‍ സ്തംഭനാവസ്ഥയിലേക്ക് നീങ്ങുന്നതായുള്ള റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗണ്‍സിലിന് ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുമോ ?